**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യവകുപ്പ് - ഹൃദയശസ്ത്രക്രിയ, അവയവം മാറ്റിവയ്ക്കൽ എന്നീ ചികിത്സകൾക്ക് വിധേയരാകുന്ന എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലേയും സ്ഥിരം ജീവനക്കാർക്ക് സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പബ്ലിക് അണ്ടർടേക്കിംഗ്സ്-സി) വകുപ്പ്**

**സ.ഉ(പി)നം.181/2018/ധന** **തിരുവനന്തപുരം,തീയതി:28.11.2018**

---

പരാമർശം:- 1. സ.ഉ.(പി)നം.432/2012/ധന തീയതി : 31.07.2012
2. സ.ഉ(പി)നം.508/2012/ധന തീയതി : 22.09.2012.
3. സ.ഉ(പി)നം.124/2017/ധന തീയതി : 22.09.2017.

**ഉത്തരവ്**

പരാമർശം (1)ലെ സർക്കാർ ഉത്തരവ് പ്രകാരം കിഡ്നി ട്രാൻസ്പ്ലാന്റേഷന് വിധേയരാകുന്ന കെ.എസ്.ആർ ബാധകമായിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് 45 ദിവസം സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. സൂചന (2), (3) എന്നിവ പ്രകാരം കെ.എസ്.ആർ ലെ വ്യവസ്ഥകൾക്ക് വിധേയമായി സർക്കാർ ജീവനക്കാർക്ക് ഹൃദയ ശസ്ത്രക്രിയയ്ക്ക് ഒരു കലണ്ടർ വർഷത്തിൽ 45 ദിവസവും അവയവം മാറ്റിവയ്ക്കലിന് 90 ദിവസവും സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിച്ചിട്ടുണ്ട്.

എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലെയും ജീവനക്കാർക്ക് അവയവം മാറ്റി വയ്ക്കൽ, ഹൃദയ ശസ്ത്രക്രിയ എന്നിവയ്ക്ക് സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിക്കുന്ന കാര്യം സർക്കാർ വിശദമായി പരിശോധിച്ചു. സൂചന (2), (3) എന്നിവ പ്രകാരം സർക്കാർ ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള സ്പെഷ്യൽ കാഷ്വൽ ലീവ് എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലേയും സ്ഥിരം ജീവനക്കാർക്കു കൂടി അതേ വ്യവസ്ഥകൾക്ക് വിധേയമായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇതിന് ഉത്തരവ് തീയതി മുതൽ മാത്രം പ്രാബല്യം ഉണ്ടായിരിയ്ക്കുന്നതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**എസ്.വി.കല**
**അഡീഷണൽ സെക്രട്ടറി**

പകർപ്പ് :-

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.

2. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
3. പ്ലാനിംഗ് & എക്കണോമിക് അഫയേഴ്സ് (BPE) വകുപ്പ്.
4. എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെയും/ ബോർഡുകളുടെയും/ കോർപ്പറേഷന്റെയും ചീഫ് എക്സിക്യൂട്ടീവ്സ്.
5. ലേബർ കമ്മീഷണർ, തിരുവനന്തപുരം.
6. എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/പ്രിൻസിപ്പൽ സെക്രട്ടറിമാർ/ സെക്രട്ടറിമാർ /സ്പെഷ്യൽ സെക്രട്ടറിമാർ/അഡീഷണൽ സെക്രട്ടറിമാർ/ ജോയിന്റ് സെക്രട്ടറിമാർ/ഡെപ്യൂട്ടി സെക്രട്ടറിമാർ / അണ്ടർ സെക്രട്ടറിമാർ.
7. ഗവർണ്ണറുടെ സെക്രട്ടറി.
8. മുഖ്യമന്ത്രിയുടേയും മറ്റ മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ.
9. സ്പീക്കറുടേയും ഡെപ്യൂട്ടി സ്പീക്കറുടേയും പ്രൈവറ്റ് സെക്രട്ടറിമാർ.
10. പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി.
11. സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും.
12. പബ്ലിക് റിലേഷൻ ഡയറക്ടർ, തിരുവനന്തപുരം.
13. നോഡൽ ഓഫീസർ www.finance.kerala.gov.in
14. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.(PU-D3/111/2018-Fin)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ